**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 324** **01-02-2023 - ൽ മറുപടിയ്ക്ക്**

**തദ്ദേശ റോഡുകൾക്ക് കുറുകെ വാട്ടർ കണക്ഷൻ എടുക്കുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തദ്ദേശ റോഡുകൾക്ക് കുറുകെ റോഡ് മുറിച്ച് വാട്ടർ കണക്ഷൻ എടുക്കുന്നതിനും റോഡ് റീടാർ ചെയ്ത് പുന:സ്ഥാപിക്കുന്നതിനുമുള്ള തുക പൂർണ്ണമായും കണക്ഷൻ എടുക്കുന്ന ഉപഭോക്താവിൽ നിന്നാണോ ഈടാക്കുന്നത്; വ്യക്തമാക്കാമോ; | (എ) | ഉപഭോക്താക്കൾ നേരിട്ട് എടുക്കുന്ന കണക്ഷനുകൾക്ക് റോഡ് മുറിച്ചു വാട്ടർ കണക്ഷൻ എടുക്കേണ്ട സന്ദർത്തിൽ പ്രസ്തുത ഭാഗം റീടാർ ചെയ്ത് പുനഃസ്ഥാപിക്കുന്നതിനു ആവശ്യമായി വരുന്ന പ്രവൃത്തികളുടെ സർക്കാർ അംഗീകൃത നിരക്ക് പ്രകാരമുള്ള തുകയാണ് ഉപഭോക്താവിൽ നിന്നും മുൻകൂറായി ഈടാക്കുന്നത്. റോഡ് കട്ടിംഗിനും പുനഃസ്ഥാപിക്കുന്നതിനുമുള്ള തുക ബന്ധപ്പെട്ട എഞ്ചിനീയർ കണക്കാക്കി ഡിമാന്റ് നോട്ട് തയ്യാറാക്കി ബന്ധപ്പെട്ട അതോറിറ്റിക്ക് അംഗീകാരത്തിനായി സമർപ്പിക്കുകയും അതോറിറ്റി ഡിമാന്റ് നോട്ട് അപ്രൂവ് ചെയ്ത് പോർട്ടലിൽ അപ് ലോഡ് ചെയ്യുകയും ടി തുക അപേക്ഷകൻ ഒടുക്കുന്ന മുറയ്ക്ക് റോഡ് കട്ടിംഗ് പെർമിഷൻ പോർട്ടൽ വഴി അനുവദിച്ചു നൽകുകയും ചെയ്യുന്നു. ജലജീവൻ മിഷൻ പദ്ധതി പ്രകാരം ഗാർഹിക കണക്ഷനുകൾക്ക് 10% മാത്രമേ ഗുണഭോക്തൃ വിഹിതമായി അടക്കേണ്ടതുള്ളൂ. |
| (ബി) | എങ്കിൽ ഇതുമൂലം സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള ഉപഭോക്താക്കൾക്ക് കുടിവെള്ളത്തിനായി എടുക്കുന്ന ഗാർഹിക കണക്ഷനുകൾക്ക് വൻ തുകകൾ അടയ്ക്കേണ്ടി വരുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; | (ബി) | നിലവിൽ സംസ്ഥാനത്ത് ജലജീവൻ മിഷൻ പദ്ധതി പ്രകാരമാണ് കുടിവെള്ള കണക്ഷനുകൾ നല്കിവരുന്നത്. ഗാർഹിക കണക്ഷനുകൾക്ക് 10% മാത്രമേ ഗുണഭോക്തൃവിഹിതം ആയി അടക്കേണ്ടതുള്ളൂ. ബാക്കി 15% തദ്ദേശസ്വയംഭരണ സ്ഥാപനവും 25% സംസ്ഥാന വിഹിതവും 50% കേന്ദ്ര വിഹിതവുമാണ്. ജലജീവൻ മിഷൻ പദ്ധതിയിൽ റോഡ് കട്ടിംഗ് തുക നിർവഹണ ഏജൻസി ആണ് നൽകുന്നത് എന്നതിനാൽ ഗുണഭോക്താക്കൾക്ക് വൻ തുക ഒടുക്കേണ്ടി വരുന്നില്ല |
| (സി) | ഇത്തരത്തിൽ വൻ തുകകൾ അടയ്ക്കേണ്ടി വരുന്നത് മൂലം പല സ്ഥലങ്ങളിലും വാട്ടർ കണക്ഷനുകൾ എടുക്കാതെ കുടിവെള്ളത്തിനായി ജനങ്ങൾ ശുദ്ധമല്ലാത്ത ജലസ്രോതസ്സുകളെ | (സി) | ഇല്ല |

| | | | |
|---|---|---|---|
| | ആശ്രയിക്കേണ്ടിവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (ഡി) | സംസ്ഥാനത്തെ ദേശീയപാതകളുടെയും സംസ്ഥാനപാതകളുടെയും നിർമ്മാണ വേളയിൽ യൂട്ടിലിറ്റി ഷിഫ്റ്റിംഗ് നടത്തുന്ന മാതൃകയിൽ റോഡിന് ഇരുവശവുമുള്ള ജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ വാട്ടർ കണക്ഷനുകളും വൈദ്യുത കണക്ഷനുകളും ലഭ്യമാകുന്ന തരത്തിൽ റോഡ് നിർമ്മാണ വേളയിൽ തന്നെ വ്യവസ്ഥ ചെയ്യുന്ന കാര്യം പരിഗണിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ഡി) | നിലവിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിഗണനയിൽ ഇല്ല |

സെക്ഷൻ ഓഫീസർ